"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷകകടാശ്വാസ കമ്മീഷൻ- അർബൻ സഹകരണ ബാങ്ക് ഫയൽ ചെയ്ത WP(C) No.4544/2025 കേസിലെ 28/03/2025 തീയതിയിലെ ഇടക്കാല വിധി- കടാശ്വാസ തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.339/2025/AGRI തീയതി,തിരുവനന്തപുരം, 29-03-2025

പരാമർശം:-

1. സ.ഉ (സാധാ) നം. 1153/2023/കൃഷി തീയതി 30.11.2023
2. സ.ഉ (സാധാ) നം.1165/2023/കൃഷി തീയതി 01.12.2023
3. കൊട്ടാരക്കര അർബൻ സഹകരണ ബാങ്ക് ഫയൽ ചെയ്ത WP(C) No.4544/2025 കേസിലെ 28.3.2025 തീയതിയിലെ ഇടക്കാല വിധി.

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കൊല്ലം ജില്ലയിലെ കൊട്ടാരക്കര അർബൻ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത കർഷകർക്ക് വിവിധ കാലയളവുകളിലായി അനുവദിച്ച കടാശ്വാസ തുകയുമായി ബന്ധപ്പെട്ട് അനുവദിക്കേണ്ട സർക്കാർ വിഹിതം റിസർവ്വ ബാങ്ക് മാനദണ്ഡപ്രകാരം ഈ സാമ്പത്തിക വർഷം തന്നെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബഹു ഹൈക്കോടതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. ബാങ്കുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബാങ്കിന് കടാശ്വാസ ഇനത്തിൽ സർക്കാരിൽ നിന്നും അനുവദിക്കേണ്ട 2.38 കോടി രൂപ 31.03.2025 നകം വിതരണം ചെയ്യണമെന്ന് പരാമർശം 3ലെ ഇടക്കാല വിധി പ്രകാരം ബഹു ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 1,2 ഉത്തരവുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം കൊട്ടാരക്കര ബാങ്കിന് അനുവദിക്കുകയും എന്നാൽ വിതരണം ചെയ്യാൻ സാധിക്കാതിരിക്കുകയും ചെയ്ത (88,71,313+1,14,07,700) 2,027,90,13/- ഉൾപ്പെടെ സർക്കാരിൽ നിന്നും കടാശ്വാസം അനുവദിച്ച വകയിൽ കൊട്ടാരക്കര അർബൻ സഹകരണ ബാങ്കിന് വിരണം ചെയ്യാനുള്ള 2.38 കോടി രൂപ പരാമർശം 3ലെ ബഹു

ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് 2401-00-104-86-01-34-03-NP ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കൃഷി ഡയറക്ടർ2401-00-104-86-01-34-03-NP എന്ന ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ്സ് മാപ്പ് ചെയ്ത് നൽകേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബഴ്സിംഗ് ഓഫീസർ (ഡിഡിഒ) ടി തുക ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (BIMS) മുഖേന പിൻവലിച്ച് കൊട്ടാരക്കര അർബൻ സഹകരണ ബാങ്കിന് വിതരണം ചെയ്യേണ്ടതുമാണ്.

4. തുക വിതരണം ചെയ്തതിന് ശേഷം കൃഷി ഡയറക്ടർ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

5. മേൽ പ്രകാരം പരാമർശം 3ലെ ബഹു ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടറി, കൊട്ടാരക്കര അർബൻ സഹകരണ ബാങ്ക്,കൊട്ടാരക്കര

അഡ്വക്കേറ്റ് ജനറൽ , എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഓഡിറ്റ്, കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (E:2072273/Agri-C1/96/2022-FIN തീയതി 29-03-2025 പ്രകാരം

പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Premchand C P**
**Date: 29-03-2025 23:59:28**

സെക്ഷൻ ഓഫീസർ